9. ശ്രീ. കെ.എൽ. കുമാർ, സി.എം.സി. കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡ്.

10. ഡോ. എ.ഡി. ദാമോദരൻ, മുൻ ചെയർമാൻ, സ്റ്റെക്

ജലവിഭവ വികസന ഗവേഷണ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ, ഡോ.പി. രാസക് സമിതിയുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയും കൺവീനറുമാണ്. (ചെയർമാൻ ഡോ. പി.കെ. അയ്യങ്കാർ, ഡോ. എം.എസ്. വല്യത്താൻ, ഡോ. എ.ഡി. ദാമോദരൻ എന്നിവർ രാജി വച്ചുപോയി.)

(സി) ഇല്ല.

(ഡി)മുതൽ (എഫ്) വരെ ബാധകമല്ല.

4 (4) ജനകീയാസൂത്രണത്തിനു വേണ്ടി ചെലവഴിച്ച തുക

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിനായി 31.5.99 വരെ എന്തു തുക പ്ലാനിംഗ് ബോർഡിലൂടെ ചെലവാക്കിയിട്ടുണ്ടെന്ന് ഇനംതിരിച്ചുള്ള കണക്കുകൾ നൽകുമോ;

(ബി) ഗവൺമെന്റ് വകുപ്പുകളിൽ കൂടി എന്തു തുക ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്നുള്ളതിന്റെ ഇനം തിരിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) ഇനിയും ഇതിലേക്ക് എന്തു തുക ചെലവാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ 31.5.99 വരെ സംസ്ഥാന ആസൂത്രണ ബോർഡ് ചെലവാക്കിയ ആകെ തുക 8,83,13,371 രൂപയാണ്.

ചെലവ് ഇനങ്ങൾ (രൂപ)

1. പരിശീലനം, വിദഗ്ദ്ധ സമിതി ചെലവുകൾ	- 4,18,37,255
2. അച്ചടി	- 2,05,29,985
3. വികസന റിപ്പോർട്ടുകൾ (തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകിയത്)	- 1,37,33,000
4. വീഡിയോ കാസറ്റ്	- 27,08,402
5. മറ്റിനം	- 95,04,729

(ബി) പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണ പ്രചാരണ പ്രവർത്തനങ്ങൾക്കായി ആകെ 20,77,154 രൂപ ചെലവാക്കിയിട്ടുണ്ട്.

ചെലവ് ഇനങ്ങൾ (രൂപ)

1. കലാജാഥ സംഘടിപ്പിക്കുന്നതിനുവേണ്ടി ട്രെയിനികളുടെ ക്യാമ്പ് സംഘടിപ്പിച്ചത്	- 84,671.00
2. 'ഗ്രാമസഭ' എന്ന പേരിൽ പോസ്റ്റർ അച്ചടിച്ചത്	- 2,81,740.00

LIBRARY ARCHIVES Kerala Legislative Assembly

3. 'അധികാരം ജനങ്ങളിലേക്ക്' പോസ്റ്റർ അച്ചടിച്ചത്	-	2,51,398.00
4. 'ഗ്രാമസഭ' എന്ന പേരിൽ ഡോക്യുമെന്ററി നിർമ്മിച്ചത്	-	6,45,000.00
5. 'പഞ്ചായത്തുകൾക്ക് ഒരു മാർഗ്ഗരേഖ' പുസ്തകം അച്ചടിച്ചത്	-	3,14,345.00
6. മൂന്നുതരം വീഡിയോ കാസറ്റുകൾ നിർമ്മിച്ചത്	-	5,00,000.00
ആകെ	-	20,77,154.00

(സി) ഇനിയുള്ള ചെലവുകളെ സംബന്ധിച്ച് വ്യക്തമായ കണക്ക് തയ്യാറാക്കിയിട്ടില്ല.

5 (5) ജനകീയാസൂത്രണത്തിലെ കോട്ടങ്ങൾ പരിഹരിക്കുവാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിന്റെ ഇതുവരെയുള്ള നേട്ടങ്ങളും കോട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള കോട്ടങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

1. പ്രധാനപ്പെട്ട നേട്ടങ്ങൾ

1. അധിക വിഭവസമാഹരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.
2. ആസൂത്രണത്തിലും നിർവ്വഹണത്തിലും വർദ്ധിച്ച ജനപങ്കാളിത്തം
3. പദ്ധതി പ്രവർത്തനങ്ങളിൽ സുതാര്യത കൈവരിച്ചു.
4. ഭൗതിക നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്.
5. പ്രാദേശിക ആവശ്യങ്ങൾ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

2) പ്രധാനപ്പെട്ട കോട്ടങ്ങൾ

1. പ്രാദേശിക തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നിർവ്വഹണം നടത്തുന്നതിനും പരിചയക്കുറവ് കാരണം തദ്ദേശ സ്ഥാപനങ്ങളുടെ മുൻവർഷങ്ങളിലെ പദ്ധതി പ്രവർത്തനത്തിൽ പോരായ്മകൾ ഉണ്ടായിട്ടുണ്ട്.

2. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച സമയം പരിമിതമായിരുന്നു.

(ബി) (i) 1999-2000 വാർഷിക പദ്ധതി സമയബന്ധിതമായി തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനുമുള്ള മാർഗ്ഗരേഖ 1999 ഏപ്രിൽ മാസം 5-ാം തീയതി ഗവൺമെന്റ് ഉത്തരവായി പുറപ്പെടുവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly